## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2460 18.06.2014-ൽ മറുപടിക്ക്

## കൊല്ലം നഗരത്തിലെ ജലവിതരണം

| ചോദ്യം<br>ശ്രീ. പി.കെ.ഗുരുദാസൻ | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| എ. കൊല്ലം പട്ടണത്തിൽ കുടിവെള്ളം ലഭ്യമാക്കുന്ന പമ്പ് ഹൗസിലെ മോട്ടോറുകൾ കേടാവുന്നതു മൂലം കുടിവെള്ളം ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്നറിയിക്കുമോ ; | എ. ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്, പമ്പ് ഹൗസിലെ കേടായ മോട്ടോറുകൾ യഥാസമയം മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി. പമ്പ് ഹൗസിലെ മോട്ടോറുകൾ കേടാവുന്നത് പരിഹരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്നറിയിക്കുമോ? | ബി. പമ്പ് ഹൗസിലെ അറ്റകുറ്റപ്പണികൾക്ക് റണ്ണിംഗ് കോൺട്രാക്ട് സംവിധാനം നിലവിലുണ്ട്. പമ്പ് സെറ്റുകളുടെ കേട്ടുപാടുകൾ സമയബന്ധിതമായി തീർക്കാൻ ഒരു വർഷത്തേക്ക് കരാർ നൽകിയിട്ടുണ്ട്. പുതിയ പമ്പ് സെറ്റുകൾ വാങ്ങുന്നതിനായുള്ള പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ